പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെകാര്യാലയം,
ഹയർസെക്കണ്ടറി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം-1

No. ICT Cell/1771/3/DGE-HSE/2024 28/05/2024

**പത്രക്കുറിപ്പ്**

# ഹയർസെക്കണ്ടറി ഏകജാലക പ്രവേശനം 2024

## ട്രയൽ അലോട്ട്മെൻറ് റിസൾട്ട് : 2024 മേയ് 29 ന് രാവിലെ 10 മണിയ്ക്ക്

ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായുള്ള ട്രയൽ അലോട്ട്മെൻറ് റിസൾട്ട് 2024 മേയ് 29 ന് രാവിലെ 10 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രോസ്പക്ടസ് മാനദണ്ഡങ്ങൾ അനുസരിച്ച് സാധുതയുള്ള അപേക്ഷകളും ഓപ്ഷനുകളുമാണ് അലോട്ട്മെൻറിനായി പരിഗണിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിൻെറ അഡ്മിഷൻ ഗേറ്റ്‌വേ ആയ **www.admission.dge.kerala.gov.in** എന്ന വെബ്സൈറ്റിലെ **"Click for Higher Secondary Admission"** എന്ന ലിങ്കിലൂടെ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് Candidate Login-SWS എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ Trial Results എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് ട്രയൽ റിസൾട്ട് പരിശോധിക്കാവുന്നതാണ്. ട്രയൽ റിസൾട്ട് പരിശോധിക്കുന്നതിന് വേണ്ട സാങ്കേതിക സൗകര്യങ്ങൾ അപേക്ഷകർക്ക് വീടിനടുത്തുള്ള സർക്കാർ /എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ ഹെൽപ്പ് ഡെസ്കുകളിൽ നിന്നും തേടാവുന്നതാണ്.

**ട്രയൽ അലോട്ട്മെൻറ് പ്രവർത്തനങ്ങൾ 2024 മേയ് 25 ന് വൈകിട്ട് തന്നെ ആരംഭിച്ചതിനാൽ മേയ് 27 ന് പ്രസിദ്ധീകരിച്ച എസ്.എസ്.എൽ.സി റീ-വാലുവേഷൻ റിസൾട്ട് ട്രയൽ അലോട്ട്മെൻറിൽ പരിഗണിച്ചിട്ടില്ല. എസ്.എസ്.എൽ.സി റീ-വാലുവേഷനിലൂടെ ഗ്രേഡ് വ്യത്യാസം വന്നിട്ടുള്ള അപേക്ഷകളിൽ ഒന്നാമത്തെ അലോട്ട്മെൻറിൽ വ്യത്യാസം വന്ന ഗ്രേഡ് ഉൾപ്പെടുത്തുന്നതായിരിക്കും. മറ്റ് സ്കീമുകളിൽപ്പെട്ട എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച് .എസ്.എൽ.സി തുടങ്ങിയ അപേക്ഷകർ ട്രയൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷമുള്ള തിരുത്തലിൻെറ അവസരത്തിൽ മാറ്റം വന്ന ഗ്രേഡ് ഉൾപ്പെടുത്തേണ്ടതാണ്.**

അപേക്ഷകർക്കുള്ള വിശദ നിർദ്ദേശങ്ങളും ഇതേ വെബ്സൈറ്റിൽ ലഭ്യമാണ് **2024 മേയ് 31 ന് വൈകിട്ട് 5 മണിവരെ** അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിക്കാം.എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ ക്യാൻഡിഡേറ്റ് ലോഗിനിലെ Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ /ഉൾപ്പെടുത്തലുകൾ **2024 മേയ് 31 ന് വൈകിട്ട് 5 മണിക്കുള്ളിൽ നടത്തി ഫൈനൽ കൺഫർമേഷൻ ചെയ്യേണ്ടതാണ്.** തെറ്റായ വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ട്മെൻറ് റദ്ദാക്കപ്പെടും. അപേക്ഷയിൽ തിരുത്തലുകൾ വരുത്തുവാനുള്ള അവസാന അവസരമാണിത്. ഇത് സംബന്ധിച്ച് പ്രിൻസിപ്പൽമാർക്കുള്ള വിശദ നിർദ്ദേശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർക്ക്

ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പരിശോധിക്കുന്നതിനും അപേക്ഷയിൽ തിരുത്തലുകൾ/ഉൾപ്പെടുത്തലുകൾ എന്നിവ നടത്തുന്നതിനും വേണ്ട സാങ്കേതിക സഹായം സംസ്ഥാനത്തെ എല്ലാ സർക്കാർ , എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിലേയും ഹെൽപ് ഡെസ്കുകളിലൂടെ തേടാവുന്നതാണെന്നും അറിയിച്ചു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**